**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - -അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് - അമലഗിരി നവജ്യോതി വർക്കിങ് വിമൻസ് ഹോസ്റ്റൽ -വസ്തു നികുതി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം. 1178 /2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 25/04/2018.

---

പരാമർശം: 1. സ ഉ (അ ) നം .75/99/റ്റി.ഡി. തീയതി 22/04/1999

2. നവജ്യോതി വർക്കിങ് വിമൻസ് ഹോസ്റ്റൽ സിസ്റ്റർ സൂപ്പീരിയറുടെ 29/09/2017 ലെ നിവേദനം

3. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23/11/2017 ലെ ബി2- 2634/17 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡിൽ സ്ഥിതിചെയ്യുന്ന അമലഗിരി നവജ്യോതി വർക്കിങ് വിമൻസ് ഹോസ്റ്റൽ പ്രവർത്തിക്കുന്ന 209-ാം നമ്പർ കെട്ടിടത്തിന് അമിതമായ വസ്തു നികുതി നിശ്ചയിച്ചെന്നു സൂചന (2) പ്രകാരം ലഭിച്ച പരാതിയിന്മേൽ സൂചന (3)പ്രകാരം റിപ്പോർട്ട് ലഭിച്ചു.

2. പ്രസ്തുത കെട്ടിടം 1989-90 ൽ കേന്ദ്ര മാനവ വിഭവ ക്ഷേമ മന്ത്രാലയത്തിന്റെ ധനസഹായത്തിൽ നിർമ്മിച്ചിട്ടുള്ളതും സൂചന (1)പ്രകാരം KBT Act 1975 3A(2) പ്രകാരം കെട്ടിട നികുതി ഇളവ് ലഭിച്ചിരുന്നതുമാണെന്നും , 2011 ലെ കേരള കേരള പഞ്ചായത്ത് രാജ് വസ്തു നികുതി സേവന ഉപനികുതി സർചാർജ്ജ് ചട്ടങ്ങൾ പ്രകാരമാണ് അതിരമ്പുഴ ഗ്രാമപഞ്ചായത്ത് ഹോസ്റ്റലിന് വസ്തു നികുതിയും സർചാർജ്ജുമുൾപ്പെടെ 37289/-രൂപ നിശ്ചയിച്ചു നൽകിയതെന്നും എന്നാൽ സ്ഥാപനം ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നു എന്നും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തു

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു . പഞ്ചായത്ത് രാജ് ആക്ട് 207(2) പ്രകാരം അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡിൽ സ്ഥിതിചെയ്യുന്ന അമലഗിരി നവജ്യോതി വർക്കിങ് വിമൻസ് ഹോസ്റ്റലിന്റെ 209-ാം നമ്പർ കെട്ടിടത്തെ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കണമെന്ന വ്യവസ്ഥയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് റിയാസ്**

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ .സുരേഷ് കുറുപ്പ് എം .എൽ. എ ,ഏറ്റുമാനൂർ (ആമുഖ കത്ത് സഹിതം )
സിസ്റ്റർ സൂപ്പീരിയർ, നവജ്യോതി വർക്കിങ് വിമൻസ് ഹോസ്റ്റൽ, അമലഗിരി, കോട്ടയം
സെക്രട്ടറി, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ